
# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 06 June 2025 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY








നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

**മാർ ആന്റണി കരിയിൽ പിതാവിന്**

എറണാകുളം – അങ്കമാലി അതിരൂപതയുടെ

*പ്രാർത്ഥനാശംസകൾ!!!*

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 68 Issue No. 6 June 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കച്ചേരിക്കാര്യം
 - വൈദികരുടെ വാർഷിക ധ്യാനം

15. നിര്യാതരായി

18. വാർത്തകളും വിശേഷങ്ങളും

20. വിശ്വാസപരിശീലന കേന്ദ്രം

23. ഫാമിലി അപ്പോസ്റ്റലേറ്റ്

26. AICO

27. ബൈബിൾ അപ്പോസ്റ്റലേറ്റ്

28. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

32. നൈപുണ്യ ഇന്റർനാഷണൽ

34. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| Msgr. Manikanamparambil George, Udayamperoor | 1924 | 1950 | 2-6-1994 |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Puthenkudy Joseph, Aimury | 1935 | 1966 | 6-6-2023 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| Mar Sebastian Mankuzhikary, Thannirmukom | 1929 | 1955 | 11-6-1994 |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Sankoorikal Sebastian, Narakkal | 1935 | 1961 | 16-6-2021 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Payyappilly George, Akaparambu | 1936 | 1961 | 21-6-2023 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

## കച്ചേരിക്കാര്യം

# അതിരൂപതാദിനം - ജൂൺ 27 വെള്ളിയാഴ്ച

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. തിരുഹൃദയതിരുനാൾ ദിനമാണ് നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ പ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ട ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

അന്നേദിവസം നമ്മുടെ പള്ളികളിൽ തിരുഹൃദയസ്തുതിക്കായി വിശുദ്ധ കുർബാന അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധനയും തിരുഹൃദയപ്രതിഷ്ഠയും നടത്തുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി തിരുഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്.

അന്നേ ദിവസം എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ രാവിലെ 9.00 മണി മുതൽ വൈകിട്ട് 3.00 മണി വരെ ആരാധന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## നാമഹേതുകത്തിരുനാൾ

ജൂൺ 13-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന **അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്** അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

## വൈദികരുടെ വാർഷിക ധ്യാനം

ഓരോ വർഷവും അതിരൂപതാ വൈദികർക്കായി നടത്തുന്ന പൊതുധ്യാനത്തിൽ എല്ലാ വൈദികരും നിർബന്ധമായും സംബന്ധിക്കണം. തക്ക കാരണങ്ങളാൽ വാർഷികധ്യാനത്തിന്റെ ഏതെങ്കിലുമൊരു ബാച്ചിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ അക്കാര്യം അതിരൂപതാ കച്ചേരിയിൽ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിയശേഷം **ഡിസംബർ 31-ാം തീയതി**ക്കുമുമ്പ് ധ്യാനത്തിൽ സംബന്ധിച്ച് പ്രസ്തുത വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കുകയും ചെയ്യേണ്ടതാണ് (*അതിരൂപതനിയമസംഹിത 2009,* പേജ് 44, 30 (ii)).

1. **രണ്ട് സ്ഥലങ്ങളിലായി ധ്യാനം നടത്തുന്നു:**

### 1) നിവേദിത, ചുണങ്ങംവേലി

**ബാച്ച് 1 : ജൂലൈ 06 - 11 ഫാ. ജോജോ മാരിപ്പാട്ട് VC**

**ബാച്ച് 2 : ജൂലൈ 13 - 18 ഫാ. ജോജോ മാരിപ്പാട്ട് VC**

**ബാച്ച് 3 : ജൂലൈ 20 - 25 ഫാ. ഷിബിൻ വല്ലാട്ടുതുണ്ടത്തിൽ TOR**

**ബാച്ച് 4 : ജൂലൈ 27 - 01 ഫാ. ഡോ. തോമസ് കോഴിമല MCBS**

### 2) സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോം, എടക്കുന്ന്

**ബാച്ച് 5 : സെപ്റ്റം. 14 - 19 റവ. ഫാ. ജോസ് മരിയദാസ് OIC**

2. **കൊണ്ടുവരേണ്ടവ:**

- കുർബാനക്കണക്ക്, കുമ്പസാരപത്തേന്തി,
- കാനോന നമസ്കാരപുസ്തകം
- Binated and Trinated കുർബാനകളുടെ കണക്ക്.

3. ധ്യാനം സംബന്ധിച്ച് ബഹു. വൈദികർ ഓരോരുത്തരും ചൊല്ലേണ്ട കുർബാനകൾ:

- **പരേതരായ നമ്മുടെ വന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി: 1**
- **ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ: 5**
- **വൈദികക്ഷേമനിധി (PWF) യിലേക്ക്: 12**
- **പൊതുധ്യാനത്തിൽ സംബന്ധിക്കുന്നവർ ഭക്ഷണ ചെലവിനായി : 5**

അതിരൂപതാ വൈദികരിൽ പൊതു ധ്യാനത്തിൽ സംബന്ധിക്കുന്നവർ **23** കുർബാനകളും, തനിച്ചു ധ്യാനിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളവർ 18 കുർബാനകളും **ഡിസംബർ 31-ാം** തീയതിക്കകം ചൊല്ലിത്തീർത്ത് വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം (*അതിരൂപത നിയമസംഹിത 2009,* പേജ് 44).

4. തനിച്ചു ധ്യാനിക്കുന്നവർ **ഡിസംബർ 31**-നു മുമ്പ് ധ്യാനം നടത്തി വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം. അതോടുകൂടി കുർബാനക്കണക്ക് ഏല്പിക്കുകയും കുമ്പസാര പത്തേന്തി പുതുക്കുകയും ചെയ്യണം.

5. ധ്യാനം നടത്തുന്നതിനായി നിശ്ചയിച്ച് നൽകിയിരിക്കുന്ന ബാച്ച് മാറണമെന്ന് ആഗ്രഹിക്കുന്ന വൈദികർ ആ വിവരം **നിവേദിത ഡയറക്ടർ ബഹുമാനപ്പെട്ട ജോസ് മണ്ടാനത്ത് അച്ചനെ** മുൻകൂട്ടി അറിയിക്കണം.

## സന്ന്യസ്ത വൈദികർ

അതിരൂപതയ്ക്കുവേണ്ടി സേവനം ചെയ്യുന്ന സന്ന്യസ്ത വൈദികരും അതിരൂപതാവൈദികരോടൊപ്പം പൊതുധ്യാനത്തിൽ സംബന്ധിക്കണമെന്നാണ് അതിരൂപതയുടെ താല്പര്യം. അപ്രകാരം ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സന്ന്യസ്ത വൈദികർ തങ്ങളെ ഏതു ബാച്ചിലാണ് ഉൾപ്പെടുത്തേണ്ടതെന്ന വിവരം മുൻകൂട്ടി **നിവേദിത ഡയറക്ടറെ** അറിയിക്കേണ്ടതാണ്.

**ഫോൺ**: 0484-2837375, 2837870, 9387074687

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## Batch 1: July 06-11

### Rev. Fr. Jojo Marippatt VC

1. Adayanthrath Martin
2. Alukkal Varghese
3. Athappilly Paul
4. Bharanikulangara Kurian
5. Chalissery Anto
6. Chavalekkad Joseph Rojin
7. Cherpanath Shanly
8. Chirackal Joseph (Joshy)
9. Cholikkara Jose
10. Edassery Antony (Ebin)
11. Edassery Varghese (Sr.)
12. Eravimangalam Kuriakose
13. Inchackal Celestine
14. Kachappilly Dominic
15. Kadalikkattil Paul (Disto)
16. Kaiprampatt Sebastian
17. Kalapparambath Thomas (Joshy)
18. Kalathil Joseph (Babu)
19. Kallarackal Sebastian (Jijo)
20. Kallookaran Thomas
21. Kandathil Thomas (Tomy)
22. Kannaparamban Joseph (Saje)
23. Karedan Paul
24. Karukanthara Thomas (Julius)
25. Kattayil Mathew (Denny)
26. Kavalipadan Francis
27. Kidangen Abraham
28. Kilukkan Mathew (Manjul)
29. Kodackal Berchmans
30. Koluthuvally Raphael (Jaison)
31. Koovely Johnson
32. Kottakkal Antony (Tony)
33. Kozhikkadan Varghese
34. Kunnathoor James (Jimmy)
35. Kunnel Joseph (Vinu)
36. Kuriyedan Joseph (Lijo)
37. Madassery Paul (Sr.)
38. Madavana Davis
39. Maippan Thomas (Ancil)
40. Malpan Rocky (Suresh)
41. Manavalan Mathew
42. Mandanath Jose
43. Manickathan Varghese (Dinto)
44. Manjaly Jacob
45. Marottikkal Kuruvila
46. Mazhuvanchery Thomas
47. Meledath Paul (Jaison)
48. Moonjely Joseph (Shanu)
49. Mulavarickal Joseph (Don)
50. Mullanchira Tom
51. Naduvathusery Antony
52. Nazhiyampara Sebastian
53. Njaliath Tharian
54. Oliapurath Jose
55. Ozhalakat Jose
56. Padayattil Paul (Sr.)
57. Painumkal Issac Damian
58. Palachuvattil Cyril (Jence)
59. Palatty Joseph (Jr.) (Bijoy)
60. Palatty Varghese (Jr.)
61. Pallickal Jacob
62. Pallippattu Paul (Nikhil)
63. Parambathara Vincent
64. Parecattil Paul (Shiju)
65. Parevely Antony
66. Pereppadan Thomas
67. Plackal Joseph (Biju)
68. Poonoly Sebastian (Bineesh)

69. Punnakkal George (Baby)
70. Puthenpurakal Shajan
71. Puthussery Joseph (Joshy)
72. Puthussery Varghese (Able)
73. Thadikkaren Thomas (Tom Leo)
74. Theckanath Sebastian
75. Thekkinedath Joseph (Petson)
76. Thelekatt George (Aneesh)
77. Thettayil George (Charles)
78. Thottakkara Jose
79. Thottungal Jetto
80. Thuruthikkara James
81. Urakkadan Sebastian
82. Vadakkumpadan Sebastian (Jr.2)
83. Vazhappilly Thomas (Robin)
84. Vellanjiyil Antony (Albin)
85. Vellarackal Paul

## Batch 2: July 13-18

**Rev. Fr. Jojo Marippatt VC**

1. Ainiyadan John
2. Ambalathil James
3. Ambalathingal Varghese
4. Appadan Antony (Akhil)
5. Arackal Varghese
6. Attummel Michael
7. Bharanikulangara Paul (Jino)
8. Chanikuzhy Jacob
9. Cheerakathil Thomas (Sinto)
10. Cherupilly Paul (Shaju)
11. Chirackal Manavalan Joseph (Jiril)
12. Chulliyil Ignatius
13. Edassery Jose
14. Elavumkudy Johnson
15. Kachappilly George
16. Kaiprampadan Justine
17. Kaithakottil Joyce
18. Kalappurackal Sany (Aljo)
19. Kalathiparambil Kuriakose (Juby)
20. Kallely Augustine
21. Kallookadan Michael (Bagio)
22. Kallungal Martin
23. Kaniamparambil Joseph
24. Kannampuzha Joy
25. Kannatt Thomas
26. Karikunnel Josepaul (Albin)
27. Karumathy Joseph
28. Katteth George
29. Kavalippadan Varkey (Jithin)
30. Kiliyelikkudy Paul (Anil) (Jr.)
31. Kilukkan Thomas (Binto)
32. Kodiyan Joseph
33. Kolenchery Joy
34. Koluthuvellil Joseph
35. Koovely Varghese (Sujith)
36. Kottakkal Paul (Jr.)
37. Kozhuvallil Jacob
38. Kunnathoor Lukose
39. Kurickavelichira Antony (Jithu)
40. Madan Jose
41. Madassery Sebastian
42. Madavana Devassykutty (Sherin)
43. Malamel Antony (Nikhil)
44. Mampilly Varghese (Sabu)
45. Manavalan Praveen
46. Mangalassery Thomas
47. Manikath Varghese
48. Manjaly Sebastian (Sony)
49. Marottikudy Hormis (Shaju)
50. Mechery Joseph
51. Melappelly Joseph (Marshel)

52. Moonjely Paul
53. Mulavarickal Ouseph (Nikhil)
54. Mundadan Kuriakose
55. Nangelimalil Rojan
56. Nellikunnath Zacharias
57. Njanakkal Joseph (Jins)
58. Padayattil Peter (Sajo)
59. Painumkal John
60. Palackal John (Cyril)
61. Pallipatt Joseph (Jinu)
62. Panatt Xavier (Binoy)
63. Parappuram Jose
64. Parecattil Sebastian (Benny)
65. Payyappilly Ignatius
66. Periyappadan Augustine (Amal)
67. Plackal Joy
68. Poothavelil Antony
69. Pulickal Varghese
70. Punnakkal Varghese
71. Puthiaparambil Antony
72. Puthussery Joseph (Sanu)
73. Sankoorikal Joseph (Jomon)
74. Thaiparambil Varghese (Assin)
75. Thejus Alexis (Alex)
76. Thekkinen Joseph
77. Thengathara Jose
78. Thettayil Jacob (Jeslin)
79. Thottankara Jophy
80. Uthuppan Antony (Shinu)
81. Vaikathuparambil Thomas
82. Vallooran Johnson
83. Vattoly Augustine
84. Vazhayil George (Tojo)
85. Vellattuparambil Praveen

## Batch 3: July 20-25

**Rev. Fr. Shibin Vallattuthundathil TOR**

1. Ainiyadan Joy
2. Arickal Francis
3. Avallil Xavier
4. Chakiath Elias (Biju)
5. Channappallil Sebastian
6. Cheranthuruthy Anto
7. Chethimattam Abraham (Ginu)
8. Chirackal Xavier (Abin)
9. Chully Paul
10. Enchakattumannil Jessab
11. Injacka Palatty Joseph (Berlin)
12. Kachappilly Jacob (Vince)
13. Kaiprampadan Paul
14. Kaithottungal Paul (Paulachan)
15. Kalappurackal Sebastian
16. Kaliyankara Varghese (Alan)
17. Kallungal Sebastian (Sen)
18. Kanjirakattukari Peter (Saneesh)
19. Kannampuzha Peter
20. Kannattu John (Jibin)
21. Kariyil Thomas
22. Karthanam Mathew (Jimmichan)
23. Kattakayam Kurian
24. Kattezhath Alex
25. Keezhathara Varghese (Alvin)
26. Kiliyelkudy Paul (Anil)
27. Kiriyanthan Joe Paul
28. Kodiyan Paul Raj
29. Koikkara Varghese (Saneesh)
30. Kolenchery Paul
31. Konattukuzhy Mathew
32. Koren Kuriakose (Saju)

33. Kottakkal Tom
34. Kottoor Jose (Freddy)
35. Kozhuvallil Varkey (Sanju)
36. Kunnekkadan Joseph (Cyril)
37. Kurisingal Francis (Nibin)
38. Madathil Joseph (Christy)
39. Madavanakad Joseph (Jomon)
40. Maliakal Varkey (Athul)
41. Mampuzhakal James (Sachin)
42. Manayampilly Paul
43. Mangatt Thomas (Binu)
44. Manikathan Devassy
45. Mavely Poulose (Gifin)
46. Mekkanthuruthil Alex
47. Moolan Antony (Delvin)
48. Moothedan Antony (Ajo)
49. Mulavarickal Varghese (Bibin)
50. Mundadan Tharian
51. Nangelimalil Thomas
52. Nellissery George
53. Njavarakkattu Augustine (Jithin)
54. Odanattu Raphael (Amal)
55. Padannakkal Davis (Ajil)
56. Padayatty Antony (Nikhil)
57. Painumkal Jose
58. Palamoottil George (Pradeesh)
59. Palatty Varghese (V)
60. Pallippadan Poulose (Akhil)
61. Panavelil James
62. Paravara Antony
63. Parecattil Varghese (Albin)
64. Pereppadan James
65. Perumayan Thomas (Joy)
66. Pollayil Jose
67. Poothavelithara Varghese
68. Punchapudussery Basil
69. Puthenparambil George (Siby)
70. Puthiyedath Jose
71. Puthussery Raphael (Rince)
72. Sankoorikal Martin
73. Thamaravely Joseph
74. Thekkanath Paul (Biju)
75. Thelakkat Jose
76. Thengathara Kuriakose
77. Therully Thomas (Arun)
78. Thiruthanathil Peter
79. Thottiyil James
80. Thyparambil Antony (John)
81. Vadakkan Joseph (Jose)
82. Valiaveettil Varghese (Arun)
83. Varikkattupadam Mathew (Vinil)
84. Vattoly Joseph
85. Veliyil Antony (Riju)

## Batch 4: July 27- Aug. 01

**Rev. Dr. Thomas Kozhimala MCBS**

1. Alakkadan Peter
2. Ambooken Paul (Jeny)
3. Athappilly George
4. Bharanikulangara Augustine
5. Chakiath Kuriakose (Joy)
6. Chathely Jose
7. Cheraparambil Varghese
8. Chillackal Thomas
9. Chittilappilly Joseph (Melvin)
10. Edassery Antony (Akhil)
11. Edassery Joseph (Ebey)
12. Edassery Varghese (Baiju) (Jr.)
13. Eravimangalam Antony (Sunny)
14. Kachappally Paul

15. Kachirackal Mathew (Martin)
16. Kaiprampatt Joseph (Jomon)
17. Kakkattu Johnson Jose
18. Kalapurackal Joseph (Abin)
19. Kallarackal Joseph (Joy)
20. Kallookaran Antony (Tony)
21. Kandathil Joseph (Biju)
22. Kannambilly Joseph (Sanjo)
23. Kannampuzha Joseph (Reju)
24. Kannampuzha Varghese (Santo)
25. Karedan Antony (Solomon)
26. Kattakkakathoottu Antony (Bony)
27. Kattuparambil Antony (Linto)
28. Kilukkan Chacko (Nithin)
29. Koikkara Peter (Shabu)
30. Kollamkudy Rocky
31. Konuparamban Sebastian (Shijo)
32. Koroth Jacob
33. Kumpail Vakkachan (Varghese)
34. Kunnekkadan Paul (Stenny)
35. Kurisingal Mathew (Jeril)
36. Madassery Paul (Shaiju) (Jr.)
37. Madathumpady Antony
38. Maipan Jose
39. Maliyekkal Antony (Tony)
40. Manavalan Joseph
41. Manayampilly Sebastian (Sibin)
42. Manickathan Joseph (Tony)
43. Maniparambil Nichlavos
44. Mankuriyil Antony
45. Maramparambil Joseph (Benny)
46. Mazhuvanchery Antony
47. Menachery Varghese (Akhil)
48. Moonjely George
49. Morely Paul
50. Mulavarickal Varghese (Vinu)
51. Naduparambil Mathew (Anson)
52. Nariculam Thomas
53. Nellissery Sebastian
54. Padayattil George (Varkey)
55. Padickaparambil Varghese (Savy)
56. Painumkal Varghese
57. Palathinkal Martin (Jerin)
58. Paliakkara Joseph (Jomon)
59. Pallippattu Joseph (Jith)
60. Parackal Antony (Subin)
61. Parecattil Joseph
62. Parecattil Yohanan
63. Pereppadan Paulson
64. Perumayan Varghese (Biju)
65. Ponthempilly Varghese (Baiju)
66. Pottackal Varghese (Joshy)
67. Pottoly Sebastian
68. Punnackal Paul (Pinto)
69. Puthenpurackal Varghese (Sherin)
70. Puthussery Jacob
71. Puthussery Thomas (K)
72. Thachil Mathew
73. Thanippilly Antony
74. Thekken John
75. Thelakkat Xavier (Sr.)
76. Thottakkara Hormis
77. Thottiyil Varghese (Lal)
78. Uppani Jose
79. Vadakkumchery Paul (Lijoy)
80. Vallayil Jose
81. Valliyara Joseph (Stephin)
82. Vattakkara James (Jomish)
83. Vattaparambil Antony (Sinoy)
84. Vazhakkala Antony
85. Vembilly Joseph

## Batch 5: Sept. 14-19

**Rev. Fr. Jose Mariadas OIC**

1. Ainiyadan Sebastian
2. Alukkal James
3. Chakian Paul
4. Chakiath Joseph
5. Cherikathadam Jacob
6. Edassery Mathew
7. Eraly Mathew
8. Kalapparambath Varghese
9. Kalappurackal Kuriakose
10. Kallookaran Paul
11. Kanjirakattukari Paul
12. Karachira Paul
13. Kattakkakathoot Paul
14. Kattakkakathoot Varghese
15. Kavalakkatt Paul
16. Kidangen Xavier
17. Koilparambil George
18. Koottunkal Job
19. Koottunkal Sebastian
20. Kottakkal Paul (Sr.)
21. Kozhikkadan Joseph
22. Kureeckal Joseph
23. Kurisunkal Kurian
24. Makkothakkatt Jose
25. Manavalan Paul (K)
26. Mangalath Mathew
27. Manikathan George
28. Manikathan Sebastian
29. Marottikudy Jacob
30. Muttomthotty Mathew
31. Mynatty Hormis
32. Nalpat Jose
33. Nariculam Antony Msgr.
34. Njaliath Varghese Msgr.
35. Palathingal Jose
36. Palatty Joseph (Sr.)
37. Palatty Sebastian
38. Palatty Varghese (Sr.)
39. Paranilam Zacharias
40. Perumayan Antony Msgr
41. Perumayan Mathew
42. Poochakat Abraham
43. Puduchery Thomas (P)
44. Punnassery Antony Msgr.
45. Puthenmanayil Kuriakose
46. Pynadath Thomas
47. Thachil Joseph (Jr.)
48. Theckanath John
49. Thekkumthala Joseph
50. Thelakkat Paul
51. Thenayan Augustine
52. Thenayan Paul
53. Thottappilly Sebastian
54. Thottungal Sebastian
55. Thottupuram John
56. Urakkadan Antony
57. Vadakkumpadan Sebastian Msgr.
58. Vailikodath Jose
59. Vanissery Mathew
60. Vazhappilly Sebastian
61. Vithayathil George
62. Vithayathil Thomas

## Private Retreat

1. Alukkal Thomas
2. Arampilly Paul (Jismon)
3. Bharanikulangara Jose
4. Chakian Joseph (Joy)
5. Cheerakathil John (Rijo)
6. Chenginiyadan Varghese (Jijo)

7. Chirackal Manavalan Thomas
8. Chittinappilly Paul
9. Chozhithara John (Ulahannan)
10. Edappulavan Kuriakose (Jipson)
11. Edassery Antony (Darvin)
12. Edassery Martin (Sminto)
13. Gnalian Jacob
14. Kadappallil James (Anoop)
15. Kadookunnel John (Sony)
16. Kakkattuchira Thomas (Jimmichan)
17. Kalappurackal George (Sunny)
18. Kalappurackal Jose Seejo
19. Kanamkudam George
20. Kanjirathinkal Sebastian (Sebin)
21. Kannambilly Thomas (Salvin)
22. Kannampilly Varghese (Baiju)
23. Kareemadom Alex
24. Kidangan Kuriakose (Subin)
25. Kiriyanthan Joseph (Sijo)
26. Kizhakkettam Sebastian
27. Kizhavana Jacson
28. Koikkara Antony (Binto)
29. Madan Paul
30. Madappadan Varghese (Geo)
31. Manavalan Varghese
32. Manickathan Xavier (Dino)
33. Mankuzhikary George
34. Meembamthanathu Stephen (Dibin)
35. Moonjely Augustine (Anu)
36. Moonjely Varghese (Lenin)
37. Moonjely Varghese (Sr.)
38. Mulavarickal Antony (Binoj)
39. Mulavarickal Joseph (Nelbin)
40. Mynattiparambil Varghese (Rijo)
41. Nangelimalil Antony
42. Njaliath Paul (Jery)
43. Njanakkal Augustine (Nideesh)
44. Odanat Joseph
45. Oliapurath Abraham (Jijiachan)
46. Padayattil Chacko (Jinto)
47. Padayattil Paul (Jr.) (Joby)
48. Padinjarepallattil Joseph
49. Palackappilly Jacob G.
50. Palatty Stephen (Benny)
51. Pallupetta Simon
52. Parecattil Paul (Sifil)
53. Paryathara Jose
54. Pathadan Joseph (Bibin)
55. Poochakat Thomas (Jimmy)
56. Pozholiparambil Jacob (Jeff)
57. Punnakkal Sebastian (Rajan)
58. Puthussery Augustine (Justin)
59. Puthussery Jacob (Joyson)
60. Puthussery Jose (P)
61. Puthussery Joseph (Jesfin)
62. Puthussery Sebastian (Sajo)
63. Puthuva John
64. Puthuva Joshy
65. Thalian Sebastian
66. Thaliyath Antony (Lijo)
67. Tharayil Thomas
68. Thekkinezhath Varghese (Renson)
69. Thettayil Antony (John Paul)
70. Thuruthikkara Gregorious (Jiju)
71. Vadakkumchery Johnson
72. Vadakkumchery Joseph (Baiju)
73. Vadakkumpadan Sebastian (Jr.1)
74. Valookkaran Thomas
75. Vattathara John
76. Vembulliyath Martin (Binu)
77. Vezhaparambil Joshy

* * * * *



# നിര്യാതരായി



## ഫാ. ജോർജ് പുളിക്കലാൻ

**ജനനം: 24/12/1940**
**തിരുപ്പട്ടം: 16/12/1967**
**മരണം: 24/05/2025**

ബഹുമാനപ്പെട്ട ഫാ. ജോർജ് പുളിക്കലാൻ അച്ചൻ 1940 ഡിസംബർ 24-ാം തീയതി കറുകുറ്റി ഇടവകയിൽ തേക്കാനത്ത് പുളിക്കലാൻ പൗലോ - റോസ ദമ്പതികളുടെ ആറ് മക്കളിൽ ഒരാളായി ജനിച്ചു. വർഗീസ്, ജോസഫ്, അന്നംകുട്ടി, പൗലോസ്, ആന്റോ എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, കാർമ്മൽഗിരി, മംഗലപ്പുഴ എന്നീ സെമിനാരികളിൽനിന്നും വൈദികപരിശീലനം പൂർത്തിയാക്കി 1967 ഡിസംബർ 16-ാം തീയതി കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അതിരൂപതയിലെ മഞ്ഞപ്ര പള്ളിയിൽ സഹവികാരിയായും, യോർദ്ദനാപുരം, വള്ളുവള്ളി, പാണാവള്ളി, ആനപ്പാറ, മള്ളുശ്ശേരി, വൈക്കം, ഈസ്റ്റ് ചേരാനല്ലൂർ, എടാട്, താബോർ, പുല്ലുവഴി, മാമ്പ്ര, തോട്ടുവ, സാൻജോ നഗർ എന്നിവിടങ്ങളിൽ വികാരിയായും ചാത്തമ്മ, പുഷ്പഗിരി പള്ളികളിൽ റെസിഡൻറ് പ്രീസ്റ്റായും അച്ചൻ സേവനം ചെയ്തു. വിവിധ ഇടവകകളിലെ സേവനത്തിനുശേഷം എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന ജോർജ് അച്ചൻ വാർദ്ധക്യസഹജമായ അസുഖങ്ങളാൽ 2025 മെയ് 24-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോർജ് പുളിക്കലാൻ അച്ചന്റെ മൃതദേഹം മെയ് 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 7.30-ന് എടക്കുന്ന് സെന്റ് പോൾസ് പ്രീസ്റ്റ് ഹോമിലും, 8.30-ന് ബസ്ലേഹത്തുള്ള തറവാട് വീട്ടിലും 12.00 മണിക്ക്

ബെസ്ലേഹം സെന്റ് ജോസഫ് പള്ളിയിലും പൊതുദർശനത്തിന് വച്ചു. ഉച്ചതിരിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോട് കൂടി മൃതസംസ്ക്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. ബഹുമാനപ്പെട്ട സേവ്യർ ആവ ള്ളിൽ അച്ചൻ ദിവ്യബലി അർപ്പിക്കുകയും ബഹുമാനപ്പെട്ട തോമസ് പൈനാടത്തച്ചൻ വചന സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ തോമസ് ചക്യത്ത് പിതാവ് മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു.

സ്നേഹത്തോടും കരുണയോടും ആത്മാർത്ഥയോടും കൂടി ദൈവ ജനത്തോട് ചേർന്നുനിന്ന വൈദികനാണ് ജോർജച്ചൻ. ദൈവവിളിയോട് അങ്ങേയറ്റം വിശ്വസ്തതയും ആത്മാർത്ഥയും പുലർത്തിയ ജോർജ് അച്ചൻ ദൈവജനത്തിന്റെ നന്മക്കായി അണുവിട മാറാതെ തീരുമാന ങ്ങൾ എടുത്തിരുന്നു എന്ന് തോമസ് പൈനാടത്തച്ചൻ തന്റെ പ്രസംഗ ത്തിൽ പങ്കുവച്ചു.

"ഞാൻ നല്ല ഇടയനാണ്; നല്ല ഇടയൻ ആടുകൾക്ക് വേണ്ടി ജീവൻ അർപ്പിക്കുന്നു" എന്ന ദൈവവചനം അക്ഷരാർത്ഥത്തിൽ ജീവിത ത്തിൽ നിറവേറ്റിയ ജോർജ് അച്ചൻ എറണാകുളം-അങ്കമാലി അതി രൂപതയിലെ വൈദിക കൂട്ടായ്മയുടെ നിറകുടമായിരുന്നു. അജപാലന ജീവിതത്തിൽ പ്രവാചക ധീരതയോടെയും വിശ്വസ്ഥതയോടെയും പൗരോഹിത്യ ജീവിതം പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ജോർജ് പുളിക്കലാൻ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!



**സിസ്റ്റർ ദീപ കരേടൻ SD**

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

ജനനം : 27-07-1952

വ്രതവാഗ്ദാനം : 15-05-1972

മരണം : 24-04-2025



**സിസ്റ്റർ സാങ്റ്റ മാപ്പിളശേരി വലിയവീട് SD**

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

ജനനം : 03-06-1938

വ്രതവാഗ്ദാനം : 06-01-1963

മരണം : 02-05-2025



**സിസ്റ്റർ ഫ്രിൻസി CPS**

പ്രേഷിതാരാം കോൺവെന്റ്, കാലടി

ജനനം : 03-12-1960

വ്രതവാഗ്ദാനം : 04-01-1988

മരണം : 09-05-2025



# വാർത്തകളും വിശേഷങ്ങളും

## കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവൊസ്റ്റ് ലിയോ പതിനാലാമൻ മാർപാപ്പ

കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവൊസ്റ്റ് മാർപാപ്പയായി സ്ഥാനമേറ്റു. ലിയോ പതിനാലാമൻ പാപ്പ എന്ന് അദ്ദേഹം അറിയപ്പെടും. 2025 മെയ് 8-ാം തീയതിയാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കോൺക്ലേവിൽ പങ്കെടുത്ത കർദിനാൾമാർ പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ, സഭയുടെ തലവനായി കർദിനാൾ പ്രെവൊസ്റ്റിനെ തിരഞ്ഞെടുക്കുകയും അദ്ദേഹം തന്നിൽ സഭയിലൂടെ ദൈവം ഏൽപ്പിച്ച ചുമതല ഏറ്റെടുക്കുകയും ചെയ്തതോടെ കത്തോലിക്ക സഭയുടെ 267-ാം മാർപാപ്പയായി അദ്ദേഹം മാറി. പത്രോസിനടുത്ത ശുശ്രൂഷ ഔദ്യോഗികമായി ആരംഭിക്കുന്നതിന്റെ ഭാഗമായി വത്തിക്കാനിൽ 2025 മെയ് 18-ന് അദ്ദേഹത്തിന്റെ മുഖ്യകാർമികത്വത്തിൽ ബലിയർപ്പണവും സ്ഥാനാരോഹണവും നടന്നു. പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ പാപ്പായും പൗരസ്ത്യ കത്തോലിക്ക സഭയിലെ പാത്രിയർക്കീസുമാരും-അപ്പസ്തോലന്മാരുടെ പിൻഗാമികൾ ഒരുമിച്ച് - പത്രോസിന്റെ കല്ലറയ്ക്കരികിൽ എത്തി പ്രാർഥിക്കുകയും കല്ലറദൂപിക്കുകയും ചെയ്ത ചടങ്ങാണ് സ്ഥാനാരോഹണ കർമ്മത്തിൽ ആദ്യം ചെയ്തത്.

ദൈവത്തിന്റെ ആട്ടിൻപറ്റത്തിന്റെ ഇടയനെന്ന ചിന്തയുണർത്തുന്ന പാലിയവും, പത്രോസ് എന്ന അപ്പസ്തോലനിൽ ക്രിസ്തു ഏല്പിച്ച അധികാരത്തെ അനുസ്മരിപ്പിക്കുന്ന 'മുക്കുവന്റെ മോതിരവും' അണിയിക്കുന്നതായിരുന്നു സ്ഥാനാരോഹണത്തിലെ പ്രധാന കർമ്മങ്ങൾ. സഭാംഗങ്ങൾക്ക് വേണ്ടി പ്രതിനിധികൾ മാർപാപ്പയോട് അനുസരണം വാഗ്ദാനം ചെയ്തു. ലോക നേതാക്കൾ ചടങ്ങിൽ സംബന്ധിച്ചു. കർദിനാൾമാർ, വൈദികർ, സന്ന്യസ്തർ, അല്മായർ തുടങ്ങി വൻജനാവലി പ്രസ്തുത കർമ്മങ്ങളിൽ ഭാഗഭാക്കുകളായി.

## കോഴിക്കോട് രൂപത അതിരൂപതയായി; ഡോ. വർഗീസ് ചക്കാലയ്ക്കൽ പ്രഥമ ആർച്ചുബിഷപ്

മലബാറിന്റെ മാതൃരൂപതയായ കോഴിക്കോട് രൂപതയെ അതിരൂപതയായും രൂപതയുടെ മെത്രാനായ ഡോ. വർഗീസ് ചക്കാലയ്ക്കലിനെ ആർച്ചുബിഷപ്പായും ഉയർത്തി. ഏപ്രിൽ 12 ശനിയാഴ്ച വത്തിക്കാനിൽ നടന്ന പ്രഖ്യാപനം കോഴിക്കോട് രൂപത മെത്രാസന മന്ദിരത്തിൽ നടന്ന ചടങ്ങിലും പ്രഖ്യാപിക്കപ്പെട്ടു.

കോഴിക്കോട് സെന്റ് ജോസഫ് ദേവാലയ അങ്കണത്തിൽ നടന്ന ഡോ. വർഗീസ് ചക്കാലയ്ക്കലിന്റെ സ്ഥാനാരോഹണ ചടങ്ങുകൾക്ക് ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ് ഡോ. ലിയോപോൾദോ ജിറെല്ലി നേതൃത്വം നൽകി. കേരളത്തിലെ മൂന്ന് റീത്തുകളിലെയും മെത്രാന്മാർ പ്രസ്തുത ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ശക്തമായ സമാധാനാഹ്വാനവുമായി ലിയോ പതിനാലാമൻ പാപ്പാ

2025 മെയ് 28 ബുധനാഴ്ച വത്തിക്കാനിൽ എത്തിയ തീർത്ഥാടകരും സന്ദർശകരുമായ പൊതുസമൂഹത്തിന് പൊതുകൂടിക്കാഴ്ച അനുവദിച്ച വേളയിലാണ് സമാധാനം സ്ഥാപിക്കാനും, വെടിനിറുത്തൽ പ്രഖ്യാപിക്കാനും, മനുഷ്യാവകാശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനും പാപ്പാ ആവശ്യപ്പെട്ടത്. ഉക്രൈനിൽ സാധാരണക്കാർക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കുമെതിരെ നടന്നുവരുന്ന കടുത്ത ആക്രമണങ്ങളെക്കുറിച്ച് താൻ ആശങ്കാകുലനാണെന്ന് അറിയിച്ച പാപ്പാ, ആക്രമണങ്ങളുടെ ഇരകളായവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്കും കുടുംബങ്ങൾക്കും തന്റെ സാമീപ്യവും പ്രാർത്ഥനകളും വാഗ്ദാനം ചെയ്തു. യുദ്ധം അവസാനിപ്പിക്കാനും, സമാധാനത്തിനായുള്ള ചർച്ചകൾ പ്രോത്സാഹിപ്പിക്കാനും മുൻപ് പലവുരു നടത്തിയ അഭ്യർത്ഥന കൂടുതൽ ശക്തമായി പാപ്പാ ആവർത്തിച്ചു. ഉക്രൈനിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും യുദ്ധങ്ങളാൽ സഹനമനുഭവിക്കുന്ന മനുഷ്യർക്ക് വേണ്ടിയും സമാധാനത്തിനു വേണ്ടിയും പ്രാർത്ഥിക്കാൻ പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു.

# വിശ്വാസപരിശീലനകേന്ദ്രം

**2025-26 വിശ്വാസപരിശീലനവർഷം**

ആപ്തവാക്യം

**"ഈശോയിലാണെന്റെ പ്രത്യാശ"**

1. **വിശ്വാസപരിശീലനവർഷാരംഭം : 2025 ജൂൺ 1-ാം തീയതി ഞായറാഴ്ച ഇടവക തലത്തിലുള്ള വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും വിശ്വാസപരിശീലന ക്ലാസുകളുടെ ആരംഭവും.** ഈ ദിനത്തിൽ കുട്ടികൾക്ക് പള്ളിയിൽ വരുവാൻ പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പ്രവേശനോത്സവം ഇടവകതലത്തിൽ സംഘടിപ്പിക്കാം.

2. **ചേർത്തല, ഇടപ്പള്ളി, എറണാകുളം, പറവൂർ, തൃപ്പൂണിത്തുറ, വൈക്കം ഫൊറോനകളിലെ പന്ത്രണ്ടാം ക്ലാസ്സിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി 'ടീച്ചേഴ്സ് ട്രെയ്നിങ്ങ് പ്രോഗ്രാം'** അതിരൂപതാതലത്തിൽ ജൂൺ 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 5.00 മണി വരെ കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

3. **സന്മാർഗ്ഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 14 ശനിയാഴ്ച:** എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന റെഗുലർ സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗവും 2025-2026 സന്മാർഗ്ഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 14 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ജൂൺ 14-ന് ശനിയാഴ്ച രാവിലെ 10.00 ന് രജിസ്ട്രേഷനും 10.30 മണി മുതൽ 1.00 മണി വരെ മീറ്റിങ്ങും. ഉച്ചകഴിഞ്ഞ് 2.00 മണിക്ക് **സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും.** 2024-25 സന്മാർഗ്ഗബോധന വർഷ

ത്തിൽ നാലു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ **A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കാണ് സമ്മാനം നൽകുന്നത്**.

4. പ്രമോട്ടർമാരുടെയും ഫൊറോനാ സെക്രട്ടറിമാരുടെയും യോഗം ജൂൺ 15 ഞായറാഴ്ച റിന്യൂവൽ സെന്ററിൽ രാവിലെ 9.30 മുതൽ 1.00 മണി വരെ.

5. ഫൊറോന ഡയറക്ടർമാരുടെ മീറ്റിങ് ജൂൺ 19 വ്യാഴാഴ്ച റിന്യൂവൽ സെന്ററിൽ രാവിലെ 10.30 മുതൽ 1.00 മണി വരെ.

6. **എൻലൈറ്റ്** - മൂക്കന്നൂർ ഫൊറോനാ - 2025 ജൂൺ 22
   - മഞ്ഞപ്ര ഫൊറോന - 2025 ജൂൺ 29

   **എലൈവ്** - കറുകുറ്റി ഫൊറോന - 2025 ജൂൺ 22
   - കാഞ്ഞൂർ ഫൊറോന - 2025 ജൂൺ 29

7. **AI Seminar for Catechism Teachers:** അതിരൂപതയിലെ വിശ്വാസപരിശീലന അദ്ധ്യാപകർക്കായ് 2025 മെയ് 4-ാം തീയതി ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ **AI Seminar** സംഘടിപ്പിച്ചു.

8. **2024-2025 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ് 2nd Session:** 2025 മെയ് 08, 09 (വ്യാഴം, വെള്ളി) തീയതികളിൽ നടത്തപ്പെട്ടു.

9. **Catechism Teachers' Basic Orientation Course: 2025** മെയ് 10,11 തീയതികളിൽ അദ്ധ്യാപകർക്കായി Residential Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു.

10. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്ങും വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും** മെയ് 18-ാം തീയതി ഞായറാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ നടന്ന മീറ്റിങ്ങിൽ വെ. റവ. ഫാ. ബെന്നി നെൽക്കര സി.എം.ഐ. പ്രധാനാദ്ധ്യാപകർക്കും പ്രമോട്ടർമാർക്കും സെക്രട്ടറിമാർക്കും ക്ലാസ്സെടുത്തു. 2025-2026

വിശ്വാസപരിശീലന വർഷം ഉദ്ഘാടനകർമ്മം ജസ്റ്റിസ് സോഫി തോമസ് നിർവ്വഹിച്ചു. അതിരൂപതയിലെ പ്രധാനാധ്യാപകരും, പ്രൊമോട്ടേഴ്സും, സെക്രട്ടറി സിസ്റ്റേഴ്സും, സമ്മാനർഹരായ കുട്ടികളും അവരുടെ മാതാപിതാക്കളും പങ്കെടുത്തു. **"ഈശോയിലാണെന്റെ പ്രത്യാശ"** എന്ന ലോഗോയുടെയും പ്രകാശന കർമ്മം നടത്തി. വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായിട്ടുള്ളവർക്കും, വിശ്വാസപരീശീലന പരീക്ഷയിൽ അതിരൂപതാതല സ്കോളർഷിപ്പു നേടിയ കുട്ടികൾക്കും, 12 വർഷം വിശ്വാസപരിശീലന ക്ലാസ്സുകളിൽ മുടങ്ങാതെ വന്ന കുട്ടികൾക്കും ട്രോഫിയും അവാർഡുകളും നൽകി.

11. കാറ്റിക്കിസം പാഠപുസ്തകങ്ങൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്.

12. **സ്വാഗതവും നന്ദിയും**: കാറ്റക്കിസം ഫൊറോനാ ഡയറക്ടർമാരായി നിയമിതരായ ഫാ. പെറ്റ്സൺ തെക്കിനേടത്ത് (ചേർത്തല), ഫാ. സേവി പടിക്കപ്പറമ്പിൽ (തൃപ്പൂണിത്തുറ) എന്നിവർക്ക് സ്വാഗതവും സ്ഥാനമൊഴിഞ്ഞ ഫാ. പ്രദീഷ് പാലമൂട്ടിൽ, ഫാ. വിനു കുന്നേൽ എന്നിവർക്ക് നന്ദിയും രേഖപ്പെടുത്തുന്നു.

    വിശ്വാസപരിശീലനകേന്ദ്രത്തിൽ റീജന്റായി സേവനം ആരംഭിച്ചിരിക്കുന്ന ബ്രദർ ആൻസൻ ഇഞ്ചക്ക പാലാട്ടിക്ക് സ്വാഗതവും, ഒരു വർഷം സേവനം ചെയ്ത ബ്രദർ ബിബിൻ കോലഞ്ചേരിക്ക് നന്ദിയും രേഖപ്പെടുത്തുന്നു.

    കാറ്റക്കിസം ഫൊറോനാ സെക്രട്ടറിമാരായി ചുമതലയേറ്റിരിക്കുന്ന സി. നിർമ്മൽ ജോർജ്ജ് FCC, സി. അനി ജോർജ്ജ് CMC, സി. അലീന റോസ് CMC, സി. ജ്യോതി മരിയ SABS, സി. റോസ് ജോ FCC, സി. ജിസ്മി പോൾ CMC എന്നിവർക്ക് സ്വാഗതവും, സി. ദീപ FCC, സി. എൽജ ജോൺ CMC, സി. അഖില CMC, സി. ലിൻസ മരിയ SABS, സി. ഷേഫി റോസ് FCC, സി. ജെയിനി തെരേസ് CMC എന്നിവർക്ക് നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Family Apostolate Centre Ernakulam (FACE) (Reg.No.43/IV/2018)
Jeevalaya Family Park, Chengal,Kalady 683574.
Ph: 0484-2462607, 8281544111

Renewal Centre, Azad Road Kaloor, Ph: 0484-2533077
Web: www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2025 ജൂൺ - ജൂലൈ

### വിവാഹഒരുക്ക ധ്യാനം (MPR)

ജൂൺ 09-11 (കലൂർ)
ജൂൺ 17-19 (കാലടി)
ജൂൺ 24-26 (കാലടി)

ജൂലൈ 01-03 (കാലടി)
ജൂലൈ 07-09 (കലൂർ)
ജൂലൈ 15-17 (കാലടി)
ജൂലൈ 29-31 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ദമ്പതി ധ്യാനം (Contact Number: 8078334522)

ജൂൺ 13-15 (20 ദമ്പതികൾക്ക് മാത്രം)

### വിഭാര്യ സംഗമം

ജൂൺ 01 - എടക്കുന്ന്

### വിധവാ സംഗമം

ജൂൺ 29 - എടക്കുന്ന്

### ഫൊറോന കുടുംബപ്രേഷിത ഫോറം യോഗം (FFAFM)

ജൂൺ 01 - വൈക്കം **@നടേൽ**

ജൂൺ 01 - ചേർത്തല, പള്ളിപ്പുറം **@പള്ളിപ്പുറം**

ജൂൺ 08 - കിഴക്കമ്പലം **@ചൂണ്ടി**

ജൂൺ 08 - അങ്കമാലി, മൂഴിക്കുളം **@സുബോധന**

## യൂദിത്ത് ഫോറം വാർഷീക സെമിനാർ, 2025

ലോക വിധവാദിനത്തോടനുബന്ധിച്ച് (ജൂൺ 23) **വൈകാരിക സമന്വയം നല്ല വ്യക്തിത്വത്തിന്** എന്ന വിഷയത്തെ ആസ്പദമാക്കി മേഖല തലത്തിൽ യൂദിത്ത് ഫോറം ഏകദിന വാർഷീക സെമിനാർ സംഘടിപ്പിക്കുന്നു.

സമയം രാവിലെ 09.30 മുതൽ വൈകീട്ട് 03.30 വരെ

**ജൂൺ 14 -** കൊരട്ടി, കറുകുറ്റി, മൂക്കന്നൂർ
**@ നൈപുണ്യ, കൊരട്ടി**

**ജൂൺ 21 -** എറണാകുളം, ത്രിപ്പൂണിത്തുറ
**@ സെന്റ് ജൂഡ്, കാരണക്കോടം**

**ജൂൺ 28 -** കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം
**@ സെന്റ് ജോസഫ് സ്കൂൾ, ചെങ്ങൽ**

**ജൂലൈ 05 -** ചേർത്തല, വൈക്കം, പള്ളിപ്പുറം
**@ തിരുഹൃദയ ദേവാലയം, തണ്ണീർമുക്കം**

**ജൂലൈ 19 -** പറവൂർ, ഇടപ്പള്ളി, കിഴക്കമ്പലം
**@ സെന്റ് ജോർജ് ദേവാലയം, ഇടപ്പള്ളി**

**ജൂലൈ 26 -** മൂഴിക്കുളം, അങ്കമാലി
**@ സെന്റ് ഫ്രാൻസിസ് സ്കൂൾ, അത്താണി**

## കുടുംബപ്രേഷിത കേന്ദ്രം സുവർണ്ണ ജൂബിലി നിറവിൽ

1976 ജൂൺ 10-നാണ് അതിരൂപതയിൽ കുടുംബപ്രേഷിത ശുശ്രൂഷ സംഘടിതമായി ആരംഭം കുറിച്ചത്. 2025-26 വർഷം ജൂബിലി വർഷമായി ആഘോഷിക്കുമ്പോൾ നമ്മുടെ അതിരൂപതയിൽ ആരംഭം കുറിച്ച ഈ ശുശ്രൂഷ കേരള സഭയ്ക്ക് കുടുംബപ്രേഷിത മേഖലയിൽ നൽകിയ നേതൃത്വത്തെയും, സംഭാവനകളെയും ഓർത്ത് അഭിമാനിക്കാനും നന്ദി പറയാനും അവസരമാകട്ടെ.

## നന്ദി

കുടുംബപ്രേഷിത ശുശ്രൂഷയ്ക്ക് ഫൊറോന തലത്തിൽ ആനിമേറ്റർമാരായി നേതൃത്വം നൽകിയ ബഹു. സി. സ്മിത കാവുങ്കൽ CHF

(കൊരട്ടി), സി. കിരൺ ജോസ് FCC (മഞ്ഞപ്ര), സി. ട്രീസ ജോസ് FCC (അങ്കമാലി), സി. ദീപ്തി മരിയ FCC (ഇടപ്പള്ളി), സി. അർപ്പിത FCC (ചേർത്തല), സി. ആൻമരിയ CMC (കാഞ്ഞൂർ), സി. ജോളി ജോസ് FCC (പള്ളിപ്പുറം), സി. ജോളി CMC (തൃപ്പൂണിത്തുറ) എന്നിവർക്ക് ഹൃദ്യമായ നന്ദി.

**സ്വാഗതം**

അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ജീവാലയ ഫാമിലി പാർക്കിൽ ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ബഹു. സി. അഖില CMC ക്കും, ഫൊറോന ആനിമേറ്റേഴ്സായ ബഹു. സി. സാഫല്യ FCC (അങ്കമാലി), സി. ടെസ്സി ബാസ്റ്റിൻ CHF (കൊരട്ടി), സി. ലൈസ മാത്യു CMC (മൂക്കന്നൂർ), സി. ഗ്രേസ്മിൻ CMC (മഞ്ഞപ്ര), സി. കിരൺ ജോസ് FCC (കാഞ്ഞൂർ), സി. സ്മിത കാവുങ്കൽ CHF (ഇടപ്പള്ളി), സി. റോസ് കാർമ്മൽ CMC (തൃപ്പൂണിത്തുറ), സി. സോജി ക്ലയർ FCC (പള്ളിപ്പുറം), സി. മെൽബി ഫ്രാൻസിസ് ASMI (ചേർത്തല) എന്നിവർക്ക് സ്വാഗതവും, ആശംസകളും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## മേജർ ആർച്ച്ബിഷപ്സ് ഹൗസ്, എറണാകുളം

**നന്ദിയും സ്വാഗതവും**

എറണാകുളം അരമനയിലെ സേവനത്തിനുശേഷം സ്ഥലം മാറിപോയ സി. സബീന BPS, സി. ടെജി CPS, സി. ആഞ്ജല CPS, സി. റിൻസി CPS, സി. ജെസ്‌ലിൻ CSC, സി. ഹേമ CSC എന്നിവർക്ക് നന്ദിയും, അരമനയിൽ സേവനത്തിനായി എത്തിയിട്ടുള്ള സി. ഷെറിൻ CPS, സി. റെജിസ് CPS, സി. മരിയ ജോസ് CPS, സി. സ്വപ്ന CSC എന്നിവർക്ക് സ്വാഗതവും ആശംസിക്കുന്നു.

**ഫാ. സൈമൺ പള്ളുപ്പെട്ട**
**ഫിനാൻസ് ഓഫീസർ**

# AICO

## (Archdiocesan Institutions' Central Office)

**സൈറ്റ് വിസിറ്റ് / കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്**

| | |
|---|---|
| ഏപ്രിൽ 29 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഏപ്രിൽ 30 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| മെയ് 03 | നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര |
| മെയ് 07 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മെയ് 09 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| മെയ് 13 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| മേയ് 14 | ലൂർദ് സെന്റർ, ആലുവ |
| മേയ് 15 | 1. നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര<br>2. മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മെയ് 20 | സെന്റ് മേരീസ് ചർച്ച്, വല്ലകം |
| മെയ് 22 | 1. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന്<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, തൃക്കാക്കര |
| മെയ് 23 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# ഡിപ്പാർട്ട്മെന്റ് ഓഫ് ബൈബിൾ അപ്പോസ്റ്റലേറ്റ്

## ജൂബിലി ലോഗോസ് ക്വിസ് 2025

അതിരൂപതാതല പരീക്ഷ 2025 സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 3.30 വരെ ആയിരിക്കും. 2025 ജൂൺ 1 മുതൽ 2025 ജൂലൈ 31 വരെയാണ് ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്യേണ്ട സമയം. ജൂലൈ 31-ന് ശേഷം രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല. കെ.സി.ബി.സി. അംഗീകരിച്ചതനുസരിച്ച് 20 രൂപ ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. ഇതിൽ 18 രൂപ അതിരൂപത കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കണം. രണ്ട് രൂപ ഇടവകയുടെ ചിലവിലേക്കുള്ളതാണ്. സംസ്ഥാനതല പരീക്ഷ 2025 നവംബർ 9-ന് നടക്കും.

ഓൺലൈൻ രജിസ്ട്രേഷന്റെ സുഗമമായ നടത്തിപ്പിന് എല്ലാ ഇടവകകളിലും ഒരു കോ-ഓർഡിനേറ്റർ ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സഹകരണം ഇതിനായി പ്രതീക്ഷിക്കുന്നു.

മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നിങ്ങനെ ആറ് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

| | |
|---|---|
| A വിഭാഗം | 1/1/2014 - നുശേഷം ജനിച്ചവർ |
| B വിഭാഗം | 1/1/2009 നും 31/12/2013 നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം | 1/1/1994 നും 31/12/2008 നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം | 1/1/1974 നും 31/12/1993 നും ഇടയ്ക്ക് ജനിച്ചവർ |
| E വിഭാഗം | 1/1/1961 നും 31/12/1973 നും ഇടയ്ക്ക് ജനിച്ചവർ |
| F വിഭാഗം | 31/12/1960 നും അതിനും മുൻപും ജനിച്ചവർ |

പഠന ഭാഗം: ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്കാ 17 -24, എഫേസോസുകാർക്കുള്ള ലേഖനം 1-6.

പി.ഒ.സി. ബൈബിളും, N R S V (ഇംഗ്ലീഷ്) ബൈബിളും ആണ് പഠനത്തിനായി ഉപയോഗിക്കേണ്ടത്.

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ഭവനങ്ങളുടെ ശിലാസ്ഥാപനം നടത്തി

വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി, എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച തുക ഉപയോഗിച്ച്, സഹൃദയയുടെ നേതൃത്വത്തിൽ നടത്തുന്ന ഭവന നിർമാണ പദ്ധതിക്ക് തുടക്കമായി. വീടും സ്ഥലവും നഷ്ടമായിട്ടും സർക്കാർ മാനദണ്ഡങ്ങളിൽ പെടാതെ പോയ ദുരിതബാധിതരെ കണ്ടെത്തുന്നതിനും സ്ഥലം നൽകുന്നതിനും മാനന്തവാടി രൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സഹകരിച്ചു . 10 ഭവനങ്ങൾ നിർമിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ എൽ.പി. സ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച യോഗത്തിൽ മാനന്തവാടി രൂപതാ ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഭവനങ്ങളുടെ ശിലാസ്ഥാപനം നടത്തി.

## നന്ദിവാക്കുകളുമായി ഇംഫാൽ മെത്രാപ്പോലീത്ത സഹൃദയയിൽ

മണിപ്പൂരിലെ കലാപകാലത്ത് ദുരിത ബാധിതർക്കായി എറണാകുളം - അങ്കമാലി അതിരൂപത, സഹൃദയ വഴി നൽകിയ സഹായങ്ങൾക്ക് നന്ദി പറയുവാൻ ഇംഫാൽ അതിരൂപതാ മെത്രാപ്പോലിത്ത ആർച്ച് ബിഷപ്പ് ലീനസ് നെലി സഹൃദയയിലെത്തി. നമ്മുടെ അതിരൂപതാംഗമായ മണിപ്പൂർ അതിരൂപതാ വികാരി ജനറാൾ ഫാ. വർഗീസ് വേലിക്കകത്തും ആർച്ച് ബിഷപ്പിനോടൊപ്പം ഉണ്ടായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് സഹൃദയയിൽ നിന്നു ലഭിച്ച സഹായം വളരെയേറെ ഉപകാരപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. തുടർന്നും മണിപ്പൂരിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

## 'കുളിർമ' ഊർജ സംരക്ഷണ ശില്പശാല സംഘടിപ്പിച്ചു

വീടുകളിലും കെട്ടിടങ്ങളിലും കൂൾ റൂഫ് സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിച്ച് ഉള്ളിലെ ചൂട് കുറയ്ക്കുകയും ഫാൻ, എ.സി.

തുടങ്ങിയവയുടെ ഉപയോഗം പരമാവധി കുറയ്ക്കുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള അറിവു നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും സംഘടിപ്പിക്കുന്ന കുളിർമ കൂൾ റൂഫ് ടെക്നോളജി കാംപയിന്റെ തൃക്കാക്കര, വൈക്കം മണ്ഡലതല ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള അംഗീകാരം സഹൃദയ ടെക്കിനാണ് ലഭിച്ചത്. അതുപ്രകാരം തൃക്കാക്കര മണ്ഡലതല ശില്പശാല പൊന്നുരുന്നിയിലും വൈക്കം മണ്ഡലതല ശില്പശാല വൈക്കം സെന്റ് ലൂയിസ് യു. പി. സ്കൂൾ ഹാളിലും സംഘടിപ്പിച്ചു. സംസ്ഥാന ക്ലൈയിമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, സംസ്ഥാന ദുരന്ത ജാഗ്രത അതോറിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് സഹൃദയ ടെക്ക് 'കുളിർമ' ഊർജസംരക്ഷണ ശില്പശാല സംഘടിപ്പിച്ചത്.

## ബയോഗ്യാസ് പ്ലാന്റ് നിർമാണം

കളമശേരി സി.എം.ഐ. രാജഗിരി പ്രൊവിൻഷ്യൽ ഹൗസിൽ 12 ക്യൂ. മീറ്റർ ശേഷിയുള്ള ഫിക്സഡ് ഡൂം മോഡൽ ബയോഗ്യാസ് പ്ലാന്റ് സഹൃദയ ടെക്കിന്റെ സാങ്കേതിക മേൽനോട്ടത്തിൽ നിർമാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

## സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തി

അങ്കമാലി, കാലടി, പറവൂർ, ചേർത്തല, എറണാകുളം മേഖലാതലത്തിൽ സഹൃദയ ആനിമേറ്റേഴ്സ് മീറ്റിങ്ങ് സംഘടിപ്പിച്ചു. ലഹരിക്കെതിരെ ആൽക്കഹോളിക് അനോനിമസ് പദ്ധതിയെപ്പറ്റിയുള്ള വിശദീകരണവും നൽകി.

## ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ. എൽ. ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) അകപ്പറമ്പ്, മഞ്ജനക്കാട്, മഞ്ഞപ്ര, യൂണിവേഴ്സിറ്റി, കാക്കനാട്, പാറപ്പുറം, സെഹിയോൻപുരം, അത്താണി, ചാത്തമ്മ, ആരക്കുന്നം, കോക്കുന്ന്, വാളൂർ, കോടനാട്, സൗത്ത് ചമ്പന്നൂർ, പെരിയാർമുഖം, കുറ്റിപ്പാറ, ഏഴിക്കര, ടി.വി. പുരം, മൂന്നൂർപ്പിള്ളി, ചാത്തമ്മ ചുള്ളി,

പൂക്കാട്ടുപടി, താബോർ, മഴുവന്നൂർ, തൃപ്പൂണിത്തുറ, പൂണിത്തുറ, മരട്, കോടുശ്ശേരി, അയ്യമ്പിള്ളി, കൊറ്റമം, ഞാലൂക്കര, മാണിക്യമംഗലം, തുതിയൂർ, പള്ളിപ്പുറം, ഐക്കരനാട്, നോർത്ത് കിടങ്ങൂർ, വാഴക്കുളം, എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

### സുസ്മിതം പദ്ധതി ബോധവൽക്കരണ ക്ലാസ്സ്

കെയർ ആൻഡ് സേഫ് പ്രോജക്ടുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് പുതിയകാവ് പത്താം നമ്പർ അംഗൻവാടിയിൽ സംഘടിപ്പിച്ചു.

### പാരന്റ് സ്കിൽ ബോധവൽക്കരണ ക്ലാസ്

പൊങ്ങം നൈപുണ്യ കോളേജുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന പാരന്റ് സ്കിൽ അവയർനസ് പ്രോഗ്രാം വെസ്റ്റ് കൊരട്ടിയിൽ സംഘടിപ്പിച്ചു.

### സഹൃദയ വെസ്കോ ക്രെഡിറ്റ് ഫീൽഡ് സ്റ്റാഫ് ട്രെയിനിംഗ്

സഹൃദയ വെസ്കോ ക്രഡിറ്റ് ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിശീലനം മേഖലാതലത്തിൽ സംഘടിപ്പിച്ചു.

### സ്വയം തൊഴിൽ വായ്പ

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 31 സംഘങ്ങളിലെ 173 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 2025 ഏപ്രിൽ മാസത്തിൽ 84,62,000/ രൂപ വായ്പയായി വിതരണം ചെയ്തു.

### ജെ.എൽ.ജി. കൾക്ക് വായ്പ

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ. എൽ. ജി. കൾക്ക് 2025 ഏപ്രിൽ മാസത്തിൽ സ്വയംതൊഴിൽ വിപുലീകരണത്തിനായി 4,97,30,000/- രൂപ ലോൺ നൽകി. 206 സംഘങ്ങളിലെ 940 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

### ഫെഡറേഷൻ മീറ്റിങ്ങ്

സഹൃദയയുടെ പ്രവർത്തനങ്ങൾ ഇടവതലത്തിൽ ശക്തമാക്കുന്നതിന്റെ ഭാഗമായി കണ്ടനാട് ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിച്ചു.

### യാത്രയയപ്പ് നൽകി

ഒരു വർഷക്കാലം സഹൃദയയിൽ റീജൻസി സേവനം ചെയ്ത ശേഷം ഉപരിപഠനത്തിനായി പോകുന്ന ബഹു. ബ്രദർ ജറിൻ പെരേപ്പാടന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

### ഫാസ്റ്റ്ഫുഡ് ലഘു ഉദ്യമി പരിശീലനം

ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെയും (RSETI - ആലപ്പുഴ) സഹൃദയയുടെയും നേതൃത്വത്തിൽ ചേർത്തല സഹൃദയ റീജിയനൽ കേന്ദ്രത്തിൽ ഫാസ്റ്റ്ഫുഡ് ലഘു ഉദ്യമി പരിശീലനം സംഘടിപ്പിച്ചു. 12 ദിവസത്തെ പരിശീലനത്തിന് 25 പേർ പങ്കെടുത്തു.

### സൗജന്യ കൂൺകൃഷി പരിശീലനം

ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിന്റെയും (RSETI. എറണാകുളം) സഹൃദയയുടെയും സഹകരണത്തോടെ എടക്കുന്ന് സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ കൂൺകൃഷി പരിശീലനം സംഘടിപ്പിച്ചു. 10 ദിവസത്തെ ക്ലാസ്സിൽ 25 പരിശീലനാർത്ഥികൾ പങ്കെടുത്തു.

### കുടുംബസംഗമം

സഹൃദയ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സഹൃദയ സ്റ്റാഫംഗങ്ങളുടെ കുടുംബസംഗമം പൊന്നുരുന്നിയിൽ നടത്തി. ദിവ്യബലി, മോട്ടിവേഷൻ ക്ലാസ്സ്, വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- An excellent opportunity to pursue studies in Korea & Japan.
- Nursing programs available for +2 students in Australia, The UK & Canada.
- Public universities in Germany offering admissions for the October 2025 intake.
- IELTS Offline batches starting every Monday!

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓഫ്ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

- **2025 ജൂൺ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ച് (A1 A2 & B1 B2) ജൂൺ 2-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (A1, A2 & B1) ജൂൺ 9-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA 2025-2026 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.
4. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 May Programs**

1. UGC NET /JRF PAPER I & PAPER II -Offline (Batch for 2025 DECEMBER exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. LAW ENTRANCE COACHING CLAT, KLEE (admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

അങ്കമാലി എൽ.എഫ്. ആശുപത്രി ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന നൈപുണ്യ ഇന്റർനാഷണലിൽ ഇംഗ്ലീഷ് പരിജ്ഞാന പരിശീലന കോഴ്സുകളായ IELTS, PTE എന്നിവയും, ഇംഗ്ലീഷ് സംഭാഷണ നൈപുണ്യത്തിനായി വിദ്യാർത്ഥികൾക്ക് Communicative English കോച്ചിംഗും നല്കുന്നു. വിദേശ പഠനം, വിദേശ ജോലികൾ എന്നിവ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കുവേണ്ടി വിദഗ്ദ്ധ അദ്ധ്യാപകർ ഇംഗ്ലീഷ് പരിജ്ഞാന പരിശീലനം നൽകുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാകുവാൻ Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മെയ് 2025**

5-7 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

12 മാർ ജോസഫ് പാംപ്ലാനി പിതാവ്, അതിരൂപതയ്ക്കുവേണ്ടി മേജർ സെമിനാരികളിൽ പഠിക്കുന്ന ബ്രദേഴ്സിന്റെ വെസ്റ്റിഷനും മൈനർ ഓർഡേഴ്സും തൃക്കാക്കര ഗുരുകുലം സെമിനാരിയിൽ ഉച്ചകഴിഞ്ഞ് നടത്തി.

14 മാർ ജോസഫ് പാംപ്ലാനി പിതാവ്, ഇക്കൊല്ലം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്ന കുട്ടികളുമായുള്ള കൂടിക്കാഴ്ച തൃക്കാക്കര സേക്രഡ് ഹാർട്ട് മൈനർ സെമിനാരിയിൽ നടത്തി.

20-21 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

22 മാർ ജോസഫ് പാംപ്ലാനി പിതാവ്, ഉച്ചകഴിഞ്ഞ് ചേർത്തല ഗ്രീൻ ഗാർഡൻസ് മോൺ. ജോസഫ് കണ്ടത്തിൽ മെമ്മോറിയൽ പ്രയർ ഹാളിൽ, അസ്സീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ASMI) സ്ഥാപകനായ ദൈവദാസൻ ജോസഫ് കണ്ടത്തിലച്ചന്റെ നാമകരണവുമായി ബന്ധപ്പെട്ട് കബറിടം തുറന്നതിന്റെ സമാപന ചടങ്ങിൽ (Closure of the Archeparchial Inquiry) പങ്കെടുത്തു.

* * * * *



വിശുദ്ധ മറിയം ത്രേസ്യ

RNI No. 3421/57
Date of Publication: 02-06-2025

Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org